കാക്കഞ്ചേരിയിലെ പാർക്കിൽ ഭക്ഷ്യ സംസ്ക്കരണത്തിനുവേണ്ടിയുള്ള പ്രത്യേക സാമ്പത്തിക മേഖലയ്ക്കും അനുവാദം ലഭിച്ചിട്ടുണ്ട്. മലപ്പുറത്ത് 6 യൂണിറ്റുകൾക്കും, മഴുവന്നൂരിൽ 4 യൂണിറ്റുകൾക്കും, അടൂരിൽ 6 യൂണിറ്റുകൾക്കും ഭൂമി അനുവദിച്ചിട്ടുണ്ട്. അവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ 3843 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യ സംസ്കരണ സംരംഭകർക്ക് ഭക്ഷ്യ സംസ്കരണ മന്ത്രാലയം ധനസഹായം നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ധനസഹായം ബാങ്ക് വഴിയാണ് വിതരണം ചെയ്യുന്നത്. ഇവ കൂടാതെ 111 പദ്ധതികൾക്ക് 33.5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കാർഷിക ഉൽപന്നങ്ങളുടെ വിപണനം ലക്ഷ്യമിട്ടും ഈ രംഗത്ത് ആധുനിക പ്രവണതകൾ സംരംഭകർക്ക് മനസ്സിലാക്കുന്നതിനുംവേണ്ടി ഓരോ വർഷവും കേരള അഗ്രിഫുഡ് ടെക്നോളജി മീറ്റ് സംഘടിപ്പിക്കുന്നു. ഭക്ഷ്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി അനുവാദം ലഭിച്ച 'പാല ഫുഡ് ക്ലസ്റ്ററിൽ' കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

റൂറൽ അപ്പാരൽ പാർക്കുകൾ

168 (5058) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് റൂറൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) റൂറൽ അപ്പാരൽ പാർക്കുകൾ എവിടെയെല്ലാമാണ് പ്രവർത്തനമാരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവമ്പാടിയിലെ റൂറൽ അപ്പാരൽ പാർക്ക് എന്ന് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലാണ് റൂറൽ അപ്പാരൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നത്.

(ബി) പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

(സി) പദ്ധതിക്കനുസൃതമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചുവരികയാണ്. ഭൂമി കൈമാറി 11 മാസത്തിനകം പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് കിൻഫ്ര വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly